(ബി) ഇത്തരത്തിൽ കാലപ്പഴക്കംമൂലം ഓടിക്കാൻ കഴിയാത്ത ബസ്സുകൾ പിൻവലിച്ച് പുതിയ ബസ്സുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) മാള ഡിപ്പോയിൽ നിലവിലുള്ള സർവ്വീസുകൾ നടത്തുന്നതിന് എത്ര ഡ്രൈവർമാരും കണ്ടക്ടർമാരും വേണമെന്നും ഇപ്പോൾ മേൽപ്പറഞ്ഞ തസ്തികകളിൽ എത്രപേർ വീതം ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും ഒഴിവുകൾ നികത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഇ) മാള ഡിപ്പോയിൽ ഇൻസ്പെക്ടർമാർ ഉൾപ്പെടെ പല തസ്തികകളിലും വേണ്ടത്ര ജീവനക്കാർ ഇല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മാള ഡിപ്പോയിലെ മൂന്ന് ബസ്സുകൾ 13 വർഷം പഴക്കമുള്ളവയും മറ്റെല്ലാ ബസ്സുകളും 12 വർഷത്തിനു താഴെമാത്രം പഴക്കമുള്ളവയുമാണ്. അതിനാൽ കാലപ്പഴക്കംമൂലം സർവ്വീസുനടത്താൻ കഴിയാതെവരുന്നുവെന്ന പ്രശ്നം ഉയർന്നുവന്നിട്ടില്ല.

(ബി) ബസ്സുകൾ സ്ക്രാപ്പ്ചെയ്യുന്ന മുറയ്ക്ക് പുതിയ ബസ്സുകളനുവദിക്കുന്നതാണ്.

(സി) നിലവിലുള്ള സർവ്വീസുകൾ എല്ലാം നടത്തുന്നതിന് 143 കണ്ടക്ടർമാരും 143 ഡ്രൈവർമാരും ആവശ്യമാണ്. ഇപ്പോൾ 143 കണ്ടക്ടർമാരും 141 ഡ്രൈവർമാരും മാള ഡിപ്പോയിൽ നിയോഗിക്കപ്പെട്ടിട്ടുണ്ട്.

(ഡി) മാള ഡിപ്പോയിൽ കണ്ടക്ടർമാരുടെ ഒഴിവുകൾ നിലവിലില്ല. ഡ്രൈവർമാരുടെ ഒഴിവുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഡ്രൈവർ, മിനിസ്റ്റീരിയൽ വിഭാഗങ്ങളിലെ രണ്ട് ഒഴിവുകൾവീതം അല്ലാതെ മറ്റൊഴിവുകൾ ഒന്നുംതന്നെ മാള ഡിപ്പോയിലില്ല.

(എഫ്) മേൽപ്പറഞ്ഞ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി

168 (618) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം-പടനിലം-കോമല്ലൂർ-കായംകുളം-പൊടിപന്തളം കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ലാഭകരമായി ഓടിച്ചിരുന്നത് നിർത്തലാക്കിയത് പുനഃസ്ഥാപിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റൂട്ടിലെ യാത്രാക്ലേശം പരിഗണിച്ചും ലാഭകരമായി സർവ്വീസ് നടത്താൻ കഴിയുന്ന സാഹചര്യത്തിലും പ്രസ്തുത ബസ് സർവ്വീസ് അടിയന്തരമായി പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത റൂട്ടുവഴി സ്വകാര്യവാഹനങ്ങൾക്കും പെർമിറ്റ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പന്തളത്തുനിന്നും 4 ചെയിൻ സർവ്വീസ് തിരുവല്ലയ്ക്ക് ആരംഭിച്ചപ്പോൾ താരതമ്യേന വരുമാനംകുറഞ്ഞ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച കൂട്ടത്തിൽ പന്തളം-പടനിലം-കോമല്ലൂർ-കായംകുളം-പൊടി പന്തളം ട്രിപ്പ് ഉണ്ടായിരുന്ന ഷെഡ്യൂളും ഉൾപ്പെട്ടിരുന്നു. ടി ട്രിപ്പിന് മോശമല്ലാത്ത വരുമാനം ലഭിച്ചിരുന്നുവെങ്കിലും ആ ഷെഡ്യൂൾ മൊത്തത്തിൽ വരുമാനം കുറവുള്ളതായിരുന്നു. ലാഭകരമായി നടത്തുവാൻ കഴിയുന്നതായതിനാൽ പന്തളം-പടനിലം-കോമല്ലൂർ-കായംകുളം-പൊടി പന്തളം ട്രിപ്പ് നിലവിലുള്ള ഏതെങ്കിലും ഷെഡ്യൂളിൽ ഉൾപ്പെടുത്തി പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) പന്തളം-പടനിലം-കോമല്ലൂർ-പൊടിപന്തളം റൂട്ട് ദേശസാൽകൃതമാണ് കായംകുളം മുതൽ പാറമുക്കുവരെ 17km G.O.(Ms)156/67/PW dated 27-2-1967 പ്രകാരം കായംകുളം-കുളത്തുപ്പുഴ partial exclusion, scheme-ലെ overlapping portion ആണ്. ഈ സാഹചര്യത്തിൽ സ്വകാര്യ വാഹനങ്ങൾക്ക് പെർമിറ്റ് അനുവദിക്കാൻകഴിയില്ല.

പൊൻകുന്നം ഡിപ്പോയിലെ വാഹനങ്ങളുടെ അപര്യാപ്തത

169 (619) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ പൊൻകുന്നം ഡിപ്പോയിൽനിന്നും അനുവദിച്ചിട്ടുള്ള ദീർഘദൂര/ഹ്രസ്വദൂര സർവ്വീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പൊൻകുന്നം ഡിപ്പോയിലെ വാഹനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദീർഘദൂര സർവ്വീസുകൾ

1.	04.40	-	വഴിക്കടവ്
2.	06.00	-	മണക്കടവ്
3.	08.30	-	കോഴിക്കോട്
4.	06.45	-	പാണത്തൂർ

LIBRARY ARCHIVES Kerala Legislative Assembly